(ബി) ഇതിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും മറ്റുള്ളവ നിർവ്വഹണത്തിന്റെ ഏതു ഘട്ടങ്ങളിലാണെന്നും അറിയിക്കാമോ ;

(സി) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കായുള്ള പാവറട്ടി കുടിവെള്ള പദ്ധതിക്ക് അംഗീകാരം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മണലൂർ നിയോജക മണ്ഡലത്തിൽ രണ്ടു കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

1. മണലൂർ-കാരമുക്ക് വില്ലേജ് കുടിവെള്ള പദ്ധതി.
2. വെങ്കിടങ്ങിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി.

(ബി) മണലൂർ- കാരമുക്ക് വില്ലേജ് കുടിവെള്ള പദ്ധതി-ഈ പദ്ധതി പൂർത്തീകരിച്ച് 21-4-2015-ൽ കമ്മീഷൻ ചെയ്തു.

വെങ്കിടങ്ങിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഈ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. വിതരണശൃംഖലയിലെ പൈപ്പുകളിലെ ചാർജ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലുമാണ്. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികൂടി പൂർത്തീകരിച്ച് 30-6-2015-ൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്.

(സി) പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയുടെ സർവ്വേ ജോലികൾ പൂർത്തിയാക്കി ഭരണാനുമതി ലഭിക്കുന്നതിനായിട്ടുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതി

222 (887) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുടിവെള്ള പൈപ്പുകൾ ദീർഘിപ്പിക്കുന്നതിന് നബാർഡിന്റെ സ്കീമിൽനിന്നും പണം അനുവദിച്ചു കിട്ടിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചേർത്തലയിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് ഇപ്രകാരം ലഭിച്ച തുക എത്രയാണെന്നും ഈ തുക ഉപയോഗിച്ച് എത്ര കിലോമീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കാനാവുമെന്നും അറിയിക്കാമോ ; ചേർത്തലയിലെ ഏതെല്ലാം പ്രദേശങ്ങളിലേക്കാണ് ഈ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നത് ;

(സി) നിലവിലുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ചേർത്തലയിലെ ഏതെല്ലാം പ്രദേശങ്ങളിൽ എത്ര കുടുംബങ്ങൾക്ക് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാനാവും എന്നും ഇതിനോടകം എത്ര കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കി എന്നും അറിയിക്കാമോ ; വിവിധ പദ്ധതികളിലൂടെ ലഭിക്കുന്ന പണം വിനിയോഗിക്കപ്പെടുമ്പോൾ കൂടുതൽ കുടുംബങ്ങൾക്ക് എത്രയുംവേഗം കുടിവെള്ളമെത്തിക്കാൻ ആവശ്യമായ ജലം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചേർത്തലയിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് ഇപ്രകാരം 26,20,00,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക ഉപയോഗിച്ച് 344.444 കിലോമീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

ചേർത്തല നിയോജകമണ്ഡലത്തിലെ ചേർത്തല സൗത്ത്, കഞ്ഞിക്കുഴി, മാരാരിക്കുളം (N), മുഹമ്മ, കടക്കരപ്പള്ളി, പട്ടണക്കാട്, വയലാർ, തണ്ണീർമുക്കം എന്നിവിടങ്ങളിലേക്കാണ് ഈ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നത്.

(സി) നിലവിലെ സാഹചര്യത്തിൽ ചേർത്തല മുനിസിപ്പാലിറ്റി, ചേർത്തല തെക്ക്, പള്ളിപ്പുറം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, അരൂർ, എഴുപുന്ന, കുത്തിയതോട്, തുറവൂർ, പട്ടണക്കാട്, വയലാർ, കടകരപ്പള്ളി, കോടംതുരുത്ത്, തണ്ണീർമുക്കം, മുഹമ്മ, കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട 55,000 കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാനാകും. നാളിതുവരെ ജപ്പാൻ കുടിവെള്ള പദ്ധതിപ്രകാരം 34407 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത കണക്ഷനുകൾക്കും തുടർന്ന് നൽകാവുന്ന കണക്ഷനുകൾക്കും വേണ്ടതായ ജലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly